# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കിയ സാമ്പത്തിക സഹായം</u>

1385 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറാം വാർഷികമാഘോഷിക്കുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് 2012-13ലും 2013-14ലും അധിക സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്നും എങ്കിൽ എന്ത് തുകയാണ് നൽകിയിട്ടുളളതെന്നും ഏത് തരം പ്രവൃത്തികൾക്കാണ് തുക ലഭ്യമാക്കിയിട്ടുളളതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മികച്ച മുനിസിപ്പാലിറ്റിയായി ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ പ്രവർത്തന മികവിനെ സംബന്ധിച്ചുളള വിശദ വിവരം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>മൊബൈൽ ഇൻസിനറേറ്റർ</u>

1386 ശ്രീ. എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മാലിന്യനിർമ്മാർജനത്തിനായി മൊബൈൽ ഇൻസിനറേറ്റർ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ശുചിത്വമിഷൻ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ ഖരമാലിന്യ സംസ്ക്കരണം</u>

1387 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ഖരമാലിന്യ സംസ്ക്കരണത്തിന് മറ്റ് രാജ്യങ്ങളും ഇന്ത്യയിലെ വിവിധ നഗരങ്ങളും സ്വീകരിച്ചിട്ടുള്ള ആധുനിക സംവിധാനങ്ങൾ നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ</u>

1388

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെപ്ടിക് ടാങ്കുകളിൽ നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ ഒഴുക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൻ പ്രകാരം എവിടെയെല്ലാം ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നറിയിക്കാമോ;

(ബി) ഇതു സ്ഥാപിക്കുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്;

(സി) എന്ത് തുകയാണ് ഇവ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്; അതിൽ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>സുസ്ഥിര നഗര വികസന പദ്ധതി</u>

1389 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, കെ. മുരളീധരന്‍
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പില്‍ നിന്നും സിവില്‍ കണ്‍സള്‍ട്ടെന്റ്മാരെ ഒഴിവാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നഗരസഭകളുടെ വരുമാനം</u>

1390 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി 2009, 2010 വർഷങ്ങളിലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് ഭേദഗതികൾ വരുത്തുവാൻ ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) അനധികൃത നിർമ്മാണങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമീകരിച്ച് വരുമാനമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്</u>

1391 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനജലവും, ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഗുണകരമായ രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള 'പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ്' എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്ലാന്റുകൾ പലതും സംസ്ഥാന സർക്കാരിന്റെ കീഴിലെ വിവിധ ഏജൻസികൾ പരിശോധിച്ച് അനുകൂല റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോടികൾ മുടക്കിയുള്ള വൻ പദ്ധതികൾ നടപ്പാക്കിയിട്ടും മലിനജലവും, ജൈവമാലിന്യങ്ങളും കൊണ്ട് നമ്മുടെ നഗരങ്ങളും, ജലസ്രോതസ്സുകളും നിറഞ്ഞ് ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാഹചര്യത്തിൽ ചെലവു കുറഞ്ഞ ഇത്തരം തദ്ദേശീയ പ്രോജക്ടുകൾ വ്യപകമായി നടപ്പാക്കുന്ന കാര്യം അടിയന്തിരമായി പരിശോധിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് നടപടി

1392 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം നഗരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കക്കൂസ് മാലിന്യം സംസ്ക്കരണം</u>

1393 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കക്കൂസ് മാലിന്യം സംസ്കരിക്കാൻ നടപടി സ്വീകരിക്കാത്ത അവസ്ഥയെ സുപ്രിംകോടതി വിമർശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന് ഉത്തരവാദികൾ ആരൊക്കെയാണ്; അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സുപ്രീംകോടതി നിർദ്ദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരസഭയിലെ ഇൻസിനറേറ്ററിന്റെ പ്രവർത്തനം</u>

1394 ശ്രീ.കെ. എം. ഷാജി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ വാങ്ങിയ ഇൻസിനറേറ്ററിന്റെ സാങ്കേതിക തകരാറുകളെല്ലാം പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടും ഏറ്റെടുത്തു പ്രവർത്തിപ്പിക്കാൻ ശുചിത്വ മിഷൻ തയാറാവുന്നില്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സാധാരണ മാർഗ്ഗങ്ങളുപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യാനാവാത്ത മാലിന്യങ്ങൾ മാത്രം പ്രസ്തുത സംവിധാനമുപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പോട്ട്ഹോൾ ഫില്ലിംഗ് മെഷീൻ പ്രവർത്തനം</u>

1395 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ വാങ്ങിയ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഇപ്പോൾ പ്രവർത്തന സജ്ജമാണോ; എങ്കിൽ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മെഷീൻ വാങ്ങുന്നതിന് എന്തു തുക ചെലവായി;

(സി) പ്രതിവർഷ പ്രവർത്തനചെലവ് എത്രയാണ്; പ്രവർത്തിപ്പിക്കാനുള്ള ഇന്ധന ചെലവും മറ്റു ചെലവും മണിക്കൂറിന് എത്രയാണ് ; വ്യക്തമാക്കുമോ ;

(ഡി) എത്ര ജീവനക്കാരാണ് ഇത് പ്രവർത്തിപ്പിക്കാൻ നിയമിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പൊന്നാനി നഗരസഭയിലെ വികസന പ്രവൃത്തികൾ</u>

1396 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര വികസനവുമായി ബന്ധപ്പെട്ട് പൊന്നാനി നഗരസഭയിൽ എന്തെല്ലാം വികസന പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ഏതെങ്കിലും ഏജൻസിയിൽ നിന്ന് ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ അതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങാനാകുമെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ</u>

1397 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ചേറായി ദേവസ്വംനട ജങ്ഷനിൽ ബൈപ്പാസ് നിർമ്മാണം</u>

1398 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ചെറായി ദേവസ്വം നട ജംങ്ഷനിൽ യാത്ര സുഗമമാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രൊപ്പോസൽ ജിഡയിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ലഭിച്ച തീയതിയും, സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഭൂമിയെത്രയെന്നും, എസ്റ്റിമേറ്റ് തുകയെത്രയെന്നും വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നെങ്കിൽ വിശദീകരിക്കാമോ; പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>തിരുമല - തൃക്കണ്ണാപുരം റോഡ് സഞ്ചാരയോഗ്യമാക്കാന്‍ നടപടി</u>

1399 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല- തൃക്കണ്ണാപുരം റോഡ്, ‘ജന്‍റം’ പദ്ധതി പ്രകാരം ജലവിതരണ പൈപ്പുകള്‍ സ്ഥാപിക്കുന്നതിനായി കുഴിച്ച കുഴികള്‍, കാല്‍നടയാത്രയും വാഹന ഗതാഗതവും തടസ്സപ്പെടുത്തുന്നു എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ കുഴികള്‍ എന്നത്തേക്ക് മൂടി സഞ്ചാരയോഗ്യമാക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നീലേശ്വരം നഗരസഭയ്ക്ക് ഓഫീസ് / ബസ് സ്റ്റാന്റ് നിർമ്മാണം</u>

1400

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം നഗരസഭയ്ക്ക് ഓഫീസ്,ബസ് സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിന് കൃഷി വകുപ്പ് 2 ഏക്കർ സ്ഥലം പതിച്ചു നൽകിയിട്ടും ഭൂമി അളന്നു തിട്ടപ്പെടുത്തിക്കിട്ടാൻ വൈകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ചാലക്കുടി മുനിസിപ്പൽ ടൗൺഹാൾ നിർമ്മാണം

1401 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പൽ ടൗൺഹാൾ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുളളത്; എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഇതിനായി അംഗീകരിച്ചിട്ടുളളത്; ആവശ്യമായ ഫണ്ട് എങ്ങിനെയാണ് കണ്ടെത്തിയിട്ടുളളത്; വ്യക്തമാക്കാമോ;

(ബി) ടൗൺഹാൾ നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി ഏതെല്ലാം വ്യക്തികളിൽനിന്നും എത്ര രൂപ വീതമാണ് പിരിച്ചെടുത്തത്; വ്യക്തമാക്കുമോ;

(സി) നിർമ്മാണ മേൽനോട്ടവും കണക്കുകളുടെ പരിശോധനയും സുതാര്യമായി നടത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കടമക്കുടി, പിഴല, മുലമ്പിള്ളി ദ്വീപസമൂഹങ്ങളെ ചാത്തനാടുമായി ബന്ധിപ്പിക്കുന്നതിനുള്ള പാലങ്ങളുടെ നിർമ്മാണം</u>

1402 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമക്കുടി, പിഴല, മുലമ്പിള്ളി ദ്വീപസമൂഹങ്ങളെ ചാത്തനാടുമായി ബന്ധിപ്പിക്കുന്നതിനുള്ള പാലങ്ങളുടെ നിർമ്മാണം ജിഡ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം</u>

1403 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 11.7.2011-ലെ ട്രാഫിക് അഡ്വൈസറി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വിയോജിക്കുന്ന വകുപ്പുകൾ ഏതെല്ലാമെന്നും ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനു വേണ്ടി 20 പോലീസുകാരെ നിയോഗിക്കുന്നതിനായി നഗരസഭാ കൗൺസിൽ സമർപ്പിച്ച പ്രമേയത്തിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>വിനോദ നികുതി</u>

1404 ശ്രീ. ബെന്നി ബെഹനാന്‍
'' പി. എ. മാധവന്‍
'' വി. പി. സജീന്ദ്രന്‍
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നഗരങ്ങളിലെ സിനിമാ തീയേറ്ററുകളില്‍ ഇ-ടിക്കറ്റ് സമ്പ്രദായം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) തീയേറ്ററുകളില്‍ നിന്ന് ലഭിക്കേണ്ടുന്ന മുഴുവന്‍ വിനോദ നികുതിയും കൃത്യമായി പിരിച്ചെടുക്കാനും നികുതി വെട്ടിപ്പ് തടയാനും പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നഗര പ്രദേശങ്ങളിലെ പൈതൃക കേന്ദ്രങ്ങൾ</u>

1405 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ പൈതൃക കേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഗ്രീൻ സിറ്റി ക്ലീൻ സിറ്റി

1406 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ നടപ്പാക്കിയ "ഗ്രീൻ സിറ്റി ക്ലീൻ സിറ്റി" മാതൃകാപദ്ധതി, മറ്റേതൊക്കെ നഗരസഭകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്തു നടപ്പാക്കിയ പദ്ധതിക്കുവേണ്ടി എന്തു തുക എവിടെ നിന്നെല്ലാം സമാഹരിച്ചു എന്നും, എന്തു തുക ചെലവഴിച്ചു എന്നും വിശദമാക്കുമോ;

(സി) ഇതു മുഖേനയുണ്ടായ ഭൗതിക നേട്ടം എന്തൊക്കെയായിരുന്നു എന്നും, അന്നു വച്ചു പിടിപ്പിച്ച എത്ര മരങ്ങൾ നിലനില്ക്കുന്നു എന്നും വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി പുറപ്പെടുവിച്ച ജി. ഒ.(ആർ.റ്റി.) നം. 343/96/എൽ.എ.ഡി./96 പ്രകാരം എന്തു തുക നല്കി എന്നും, വിവിധ വകുപ്പുകൾ ഇതിനായി എന്തു തുക നല്കി എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നഗര വികസന പദ്ധതി</u>

1407 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം എന്നീ നഗരങ്ങളിൽ നടപ്പിലാക്കുവാൻ ആരംഭിച്ച വികന പദ്ധതികൾ മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വികസന പദ്ധതികൾക്കായി നിയോഗിച്ച കൺസൾട്ടിംഗ് ഏജൻസികൾക്ക് ഇതിനകം എന്തു തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴയുമെന്ന് വ്യക്തമാക്കുമോ:

(ഡി) ഇതിനകം നടന്ന നഗര വികസന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ആറ്റുകാൽ വികസന പദ്ധതി</u>

1408 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റുകാൽ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിലെ വിവിധ വാർഡുകളിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ വകുപ്പുകൾ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വകുപ്പ്, നഗരസഭാ വാർഡ് എന്നിവ തിരിച്ച് വെവ്വേറെ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അറവുശാലകളുടെ നവീകരണം</u>

1409

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ. എന്‍. എ. ഖാദര്‍
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവിലുള്ള അറവുശാലകള്‍ നവീകരിക്കുന്നതും നവീന അറവുശാലകള്‍ സ്ഥാപിക്കുന്നതും സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ഇതിനായി മുനിസിപ്പല്‍ കോര്‍പ്പറേഷനുകള്‍ക്കും മുനിസിപ്പാലിറ്റികള്‍ക്കുമുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) ഇക്കാര്യത്തില്‍ കോര്‍പ്പറേഷനുകളും മുനിസിപ്പാലിറ്റികളും സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്‍കുമോ;

(ഡി) ഇപ്പോഴും അശാസ്ത്രീയമായും ശുചിത്വമില്ലാതെയും കോര്‍പ്പറേഷന്‍ / മുനിസിപ്പാലിറ്റികളില്‍ സ്വകാര്യ അറവുശാലകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>അറവുശാല നവീകരണ പദ്ധതികൾ</u>

1410

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നഗരങ്ങളിലെ അറവുശാലകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ എവിടെയെല്ലാം നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരസഭയുടെ അറവുശാല ഇതോടൊപ്പം നവീകരിക്കുന്നുണ്ടോ;

(സി) പ്രസ്തുത അറവുശാല ഏറ്റവും ഒടുവിൽ നവീകരിച്ചത് എന്നാണ്; ഇതിനായി എന്തു തുക ചെലവഴിച്ചു;

(ഡി) എന്തൊക്കെ നവീകരണ പദ്ധതികളാണ് നടപ്പാക്കിയത്; ഏത് ഏജൻസി വഴിയാണ് നടപ്പാക്കിയത്; പ്രസ്തുത ഏജൻസിക്ക് ഈ മേഖലയിൽ ഉള്ള മുൻ പരിചയം പരിശോധിച്ചിരുന്നോ;

(ഇ) പ്രസ്തുത അറവുശാലയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>ശുചിത്വ കേരള പദ്ധതി</u>

1411 ശ്രീ. മാത്യു. റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഒക്ടോബർ മുതലുള്ള ഒരു വർഷകാലം ശുചിത്വ കേരള പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടായിരുന്നു; അതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മാലിന്യ സംസ്കരണത്തിന് നാനോ ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കണമെന്ന് സർവ്വകക്ഷി യോഗത്തിൽ തീരുമാനം ഉണ്ടായിരുന്നോ;

(സി) ഇക്കാര്യങ്ങളിൽ എന്തെങ്കിലും നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പാർവ്വതിപുത്തനാർ ശുചീകരണം</u>

1412 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടണത്തിലെ പാർവ്വതി പുത്തനാർ ശുചീകരിക്കാൻ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) കഴിഞ്ഞ 15 വർഷത്തിനിടെ പാർവ്വതി പുത്തനാറിന്റെ ശുചീകരണം, നവീകരണം എന്നീ പ്രവർത്തനങ്ങൾക്കായി എത്ര പദ്ധതികൾ നഗരസഭ ആസൂത്രണം ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതികൾക്കായി എന്തു തുക ഓരോ വർഷവും നീക്കിവച്ചിരുന്നു; എന്തൊക്കെ പണികൾ പൂർത്തിയാക്കി; മൊത്തം എന്തു തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നഗരസഭയുടെ ഭൂമിയിൽ സ്വകാര്യനിക്ഷേപ പദ്ധതികൾ</u>

1413

ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭയുടെ ഭൂമിയിൽ സ്വകാര്യ നിക്ഷേപ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ ജിഡ കൗൺസിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ

1414 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജിഡ കൗൺസിൽ അംഗീകാരം ലഭ്യമായതും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസ്സം എന്തുകൊണ്ടാണെന്നും, പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>സർക്കാർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസന പദ്ധതികൾ</u>

1415 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് നഗര കാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് ഭൂമി കൈമാറാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മലിന ജല ശുദ്ധീകരണ പദ്ധതികൾ</u>

1416 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി. നടപ്പാക്കുന്ന മലിന ജല ശുദ്ധീകരണ പദ്ധതികൾ ഏതൊക്കെ നഗരസഭകളിലാണ് ഇപ്പോൾ നടപ്പാക്കുന്നത്;

(ബി) ഈ പദ്ധതിക്കായി എത്ര തുക നഗരസഭകൾ ചെലവഴിച്ചു; എത്ര കിലോ മീറ്റർ മലിന ജല ശുദ്ധീകരണ പൈപ്പ് സ്ഥാപിച്ചു; ഈ വർഷം എത്ര കിലോ മീറ്റർ പൈപ്പ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(സി) മലിന ജല ശുദ്ധീകരണ പൈപ്പുകൾക്ക് ഐ.എസ്.ഐ മുദ്ര നിർബന്ധമാക്കിയിട്ടുണ്ടോ; ഈ പൈപ്പുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ആർക്കാണ് ഇതിന്റെ ചുമതല വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>എം. എസ്. ഡി. പി. പദ്ധതി</u>

1417 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എസ്. ഡി. പി. പദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഗ്രാമീണ മേഖലയിൽ ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>എം. എസ്. ഡി. പി. പദ്ധതി</u>

1418 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എസ്. ഡി. പി. ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം മേഖലകളിൽ പദ്ധതി നടപ്പാക്കിയതിനാണ് ബഹുമതി ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര ശതമാനം തുക ഇതിനകം ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഗ്രീന്‍ ടെക്നോളജി സെന്ററിന്റെ പ്രവര്‍ത്തനങ്ങള്‍

1419 ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീറോ വേസ്റ്റ് എന്ന ആശയം പ്രാവര്‍ത്തികമാക്കുന്നതിന്റെ ഭാഗമായി സെന്റര്‍ ഫോര്‍ എര്‍ത്ത് സയന്‍സ് സ്റ്റഡീസിന്റെ സഹകരണത്തോടെ 'ഗ്രീന്‍ ടെക്നോളജി സെന്റര്‍' ആരംഭിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ;

(ബി) ഇതിന്റെ പ്രവര്‍ത്തനങ്ങള്‍ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സീറോ വേസ്റ്റ് എന്ന ആശയം പ്രാവര്‍ത്തികമാക്കുന്നതിന്റെ ഭാഗമായി മറ്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മൾട്ടി സെക്ടർ ഡവലപ്മെന്റ് പ്രോഗ്രാം</u>

1420 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടി സെക്ടർ ഡവലപ്മെന്റ് പ്രോഗ്രാമിൽ കേരളത്തിൽ നിന്നുള്ള ബ്ലോക്കുകളെ ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എത്ര ബ്ലോക്കുകളെയാണ് ഈ പദ്ധതിക്ക് കീഴിൽ കൊണ്ടു വരാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യുന്നതെന്നു അറിയിക്കുമോ;

(സി) പക്കാ ചുമരുകളുള്ള ഭവനങ്ങൾ കുറവുള്ളതും വനിതാ തൊഴിൽ പങ്കാളിത്തം കുറഞ്ഞ തൊതിലുളളതും അടിസ്ഥാന സൗകര്യങ്ങൾ പരിമിതവുമായ തീരപ്രദേശ ബ്ലോക്കുകൾക്ക് മുൻഗണനന നൽകുമോ;

(ഡി) എങ്കിൽ, ഇത്തരം ജനങ്ങൾ തിങ്ങിതാമസിക്കുന്ന മലപ്പുറം ജില്ലയിലെ താന്നൂർ ബ്ലോക്ക് അടക്കമുളള ബ്ലോക്കുകൾക്ക് പ്രഥമ പരിഗണന നൽകുന്നകാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ</u>

1421 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് 50384/ഇ. വി3/11/എൽ. എസ്. ജി. ഡി. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ധനകാര്യ വകുപ്പ് 91296/ഡബ്ല്യു. ഡബ്ല്യു.1/12/ഫിൻ നമ്പർ ഫയലിൽ രേഖപ്പെടുത്തി എൽ. എസ്. ജി. ഡി.ക്ക് നൽകിയ അഭിപ്രായം പൂർണ രൂപത്തിൽ വ്യക്തമാക്കുമോ;

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം</u>

1422 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകൃതമായ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കോർപ്പറേഷന്റെ ഘടനയും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഇതിന് മേഖലാ ഓഫീസുകൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഡി) കോർപ്പറേഷനുവേണ്ടി ഏതൊക്കെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവയിലേയ്ക്കുള്ള നിയമന രീതി എന്താണെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ</u>

1423 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ന്യൂനപക്ഷ ക്ഷേമ പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ കേരളത്തിൽ വിതരണം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഇതുവരെ ആനുകൂല്യം ലഭ്യമായിട്ടുള്ളത്; വിശദമാക്കുമോ;

(സി) ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒ. ബി. സി. വിദ്യാർത്ഥികൾക്കുള്ള മറ്റ് സ്കോളർഷിപ്പുകൾ റദ്ദാക്കിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഒ. ബി. സി. സ്കോളർഷിപ്പുകൾ വാങ്ങിയിരുന്ന മുഴുവൻ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും ന്യൂനപക്ഷ സ്കോളർഷിപ്പ് നല്കാനുള്ള വിഹിതം നീക്കിവെച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) മുഴുവൻ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും ന്യൂനപക്ഷ സ്കോളർഷിപ്പ് തുക ലഭ്യമാകുന്നത് വരെ ഒ. ബി. സി. സ്കോളർഷിപ്പ് അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ</u>

1424 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഉയർന്ന മത്സര പരീക്ഷകളിൽ വിജയം നേടാൻ ദീർഘകാല പരിശീലന പദ്ധതികൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രൊമോട്ടർമാർ</u>

1425 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരായി എത്ര പേരെയാണ് സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ക്രിസ്ത്യൻ, പാർസി, ബുദ്ധ, സിക്ക്, ജൈന വിഭാഗത്തിൽപ്പെട്ട എത്ര പ്രൊമോട്ടർമാരെയാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) പ്രൊമോട്ടർമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

1426 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?